എന്റെ ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

* 14 [347] ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ''എന്റെ ഗ്രാമം'' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ പ്രാവർത്തിക പ്രായോഗികതല പരിപാടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയിലൂടെ സാംസ്കാരിക മണ്ഡലത്തിൽ പ്രതീക്ഷിക്കപ്പെടുന്ന പരിവർത്തനവും സാംസ്കാരികോത്കർഷവും വിവരിക്കാമോ;

(ഡി) ഈ പദ്ധതികൊണ്ട് എത്തെല്ലാം തലങ്ങളിലുള്ള ജനവിഭാഗങ്ങൾക്കാണ് പ്രയോജനം കൈവരുക എന്ന് അറിയിക്കാമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ, ബി, സി, ഡി) ''എന്റെ ഗ്രാമം'' എന്ന പേരിൽ ഒരു പദ്ധതി പരിഗണനയിലില്ല. എന്നാൽ ഗ്രാമീണ കേരളത്തിന്റെ വിശുദ്ധിയും ശാലീനതയും ഉൾത്തുടിപ്പുകളും പുനഃസൃഷ്ടിച്ച് അനുഭവവേദ്യമാക്കുന്നതിലേക്കായി ''പൈതൃകഗ്രാമം'' എന്ന ഒരു പദ്ധതിക്ക് രൂപം കൊടുത്തുവരികയാണ്. ഇതിന്റെ വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ.

ആദിവാസി പുനരധിവാസ പദ്ധതി

* 15 [348] ശ്രീ. പി. നാരായണൻ:
,, എൻ. രാജൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരധിവാസ പദ്ധതി പ്രകാരം വിവിധ പ്രദേശങ്ങളിലായി എത്ര ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഭൂമി ലഭിച്ചവർക്ക് സൗജന്യ റേഷൻ ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങൾ എത്തിച്ചുകൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇവർക്ക് ലഭിച്ചിരുന്ന സൗജന്യ റേഷൻ കിട്ടാതായിട്ട് എത്ര കാലമായി;

(ഡി) ഈ ആദിവാസി കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) 3253 കുടുംബങ്ങളെ.

LIBRARY ARCHIVES Kerala Legislative Assembly